10
ചൊവ്വ
2017 ജനുവരി
1192 ധനു 26

# മക്തബ്

www.makthabdaily.com

VISMAYA SILKS
വിവാഹ പർച്ചേസുകൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട്
ഹോൾസെയിൽ
ബെൽസ്ക്വയർ ബിൽഡിംഗ്
Nr. ബദരിയ്യ പ്ലാസ
Opp. ബസ് സ്റ്റാന്റ്,
തളിപ്പറമ്പ
Ph: 0460 2207923

തളിപ്പറമ്പ | പുസ്തകം 10 ലക്കം 76 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2015-17 Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ



അന്തരിച്ച കോൺഗ്രസ് നേതാവ് കെ.സി.കടമ്പൂരാന്റെ മൃതദേഹത്തിൽ നേതാക്കൾ പതാക പുതപ്പിക്കുന്നു

## കടമ്പൂരാന് ആയിരങ്ങളുടെ അന്ത്യാഞ്ജലികളോടെ വിട

കണ്ണൂർ: അന്തരിച്ച കോൺഗ്രസ് നേതാവ് കെ. സി. കടമ്പൂരാന് ജീവതത്തിന്റെ നാനാതുറകളിൽപ്പെട്ട ആയിരങ്ങൾ അന്ത്യാഞ്ജലി അർപ്പിച്ചു. ഇന്ന് രാവിലെ കടമ്പൂരിലെ വീട്ടിൽ നടന്ന അന്ത്യ കർമ്മങ്ങൾക്ക് ശേഷം മൃതദേഹം ഡി. സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനിയുടെ നേതൃത്വത്തിൽ വിലാപയാത്രയായി മഹാത്മ മന്ദിരത്തിൽ എത്തിച്ചു. കോൺഗ്രസ് നേതാക്കളായ കെ. സുധാകരൻ, കെ. സുരേന്ദ്രൻ, വി.എ. നാരായണൻ തുടങ്ങിയ നിരവധി നേതാക്കൾ വിലാപയാത്രയെ അനുഗമിച്ചിരുന്നു. 12 മണിയോടെ മൃതദേഹം മഹാത്മാ മന്ദിരത്തിലെത്തുമ്പോൾ അവിടം ജനസാഗരമായി മാറിയിരുന്നു. വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളായ കെ.സി. ജോസഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ. വി.സുമേഷ്, എ.ഡി. മുസ്തഫ, പി.ടി. ജോസ്, വി.കെ. അബ്ദുൾഖാദർ മൗലവി, കരീം ചേലേരി, വി. പി. വമ്പൻ, അൻസാരി തില്ലങ്കേരി, മുൻ എം.എൽ.എ. കെ.ടി. കുഞ്ഞഹമ്മദ്, സി.എ. അജീർ, സി. കെ. നാരായണൻ, വി.കെ. കുഞ്ഞിരാമൻ, സി. രവീന്ദരൻ, കെ. ഗംഗാധരൻ, അഷ്റഫ് ബംഗാളി മുഹല്ല, വി.വി. കുഞ്ഞികൃഷ്ണൻ തുടങ്ങി നിരവധി പേർ ആദരാഞ്ജലി അർപ്പിക്കാൻ എത്തിയിരുന്നു. മഹാത്മ മന്ദിരത്തിലെ പൊതുദർശനത്തിന് ശേഷം മൃതദേഹം വിലാപയാത്രയായി പയ്യാമ്പലത്ത് എത്തിച്ച് സംസ്കരിച്ചു.



മയ്യിൽ പോലീസ് പിടികൂടിയ മണൽക്കടത്ത് സാമഗ്രികൾ

## മണൽക്കടത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ പോലീസ് പിടികൂടി

മയ്യിൽ: അനധികൃത മണൽക്കടത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ മയ്യിൽ എസ്.ഐ ബാബുമോനും സംഘവും പിടികൂടി. ഇന്നു പുലർച്ചെ മൂന്നുമണിയോടെ പാമ്പുരുത്തിയിൽ റെയ്ഡ് നടത്തിയാണ് പിടികൂടിയത്. ഒരു ഗുഡ്സ് ഓട്ടോറിക്ഷ, പത്തോളം ടയർ കൊട്ടകൾ, നിരവധി ടയറുകൾ, മൺവെട്ടികൾ, തോണി കുത്തി തുഴയാൻ ഉപയോഗിക്കുന്ന മുളകൾ എന്നിവയാണ് പിടിച്ചെടുത്തത്.

# മുഖ്യമന്ത്രി– ഐ.എ.എസ് പോര് മുറുകി അനുനയിപ്പിക്കാൻ രണ്ട് മന്ത്രിമാർ

തിരുവനന്തപുരം: ഐ.എ.എസ് ഉദ്യോഗസ്ഥരും മുഖ്യമന്ത്രി പിണറായി വിജയനും തമ്മിലുള്ള പോര് രൂക്ഷമായി. നിരവധി മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥർ രാജിവെക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഇതേ തുടർന്ന് മന്ത്രിമാർ മധ്യസ്ഥ ചർച്ചയ്ക്ക് ഇറങ്ങിയിരിക്കുകയാണ്.

വിജിലൻസ് ഡയറക്ടറുടെ നടപടികളിൽ പ്രതിഷേധിച്ച് ഇന്നലെ ഐ.എ.എസ് ഉദ്യോഗസ്ഥർ കൂട്ട അവധിയെടുക്കാൻ തീരുമാനിച്ചിരുന്നു. ഇന്നലെ രാവിലെ മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് അവധിയെടുക്കൽ തീരുമാനം പിൻവലിച്ചെങ്കിലും ഐ.എ.എസ് ഉദ്യോഗസ്ഥർ കടുത്ത അസംതൃപ്തിയിലാണ്. വിജിലൻസ് ഡയറക്ടർ ജേക്കബ് തോമസിനെ പൂർണ്ണമായും ന്യായീകരിക്കുന്ന നിലപാട് സ്വീകരിച്ച മുഖ്യമന്ത്രി ചർച്ചയ്ക്കെത്തിയ ഐ.എ.എസ് ഉദ്യോഗസ്ഥരോട് പരുഷമായി പെരുമാറിയെന്നാണ് ആക്ഷേപം. ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദനോട് നിങ്ങൾ സൂപ്പർ മുഖ്യമന്ത്രി ചമയുകയാണോയെന്ന് ജൂനിയർ ഉദ്യോഗസ്ഥൻമാരുടെ മുന്നിൽ വച്ച് മുഖ്യമന്ത്രി തട്ടിക്കയറിയത് രൂക്ഷമായ പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്. പ്രതിഷേധവും അസംതൃപ്തിയും ശക്തമായാൽ ഭരണ സ്തംഭനം ഉണ്ടാകുമെന്നാണ് മറ്റ് മന്ത്രിമാർ ഭയപ്പെടുന്നത്. സെക്രട്ടേറിയേറ്റിലെ സുപ്രധാനമായ പല ഫയലുകളിലും തീരുമാനമെടുക്കുന്നത് ഐ.എ.എസ് ഉദ്യോഗസ്ഥരാണ്. അവരുടെ ഭാഗത്ത് നിന്ന് നിസഹരണം ഉണ്ടായാൽ ഭരണം മുന്നോട്ട് പോകില്ല. എന്നാൽ മുഖ്യമന്ത്രിയും ഐ.എ.എസ്. ഉദ്യോഗസ്ഥരും തങ്ങളുടെ നിലപാടുകളിൽ ഉറച്ചുനിൽക്കുകയാണ്.

വിവിധ മന്ത്രിമാരുടെ വകുപ്പുകളിൽ ജോലി ചെയ്യുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർ തങ്ങളുടെ പ്രതിഷേധവും അസംതൃപ്തിയും വേദനയുമൊക്കെ ഇന്നലെ മന്ത്രിമാരോട് പങ്കുവെച്ചിരുന്നു. രാജിവെച്ച് പോകൽ തുടങ്ങിയ കടുത്ത നടപടികളിലേക്ക് കടക്കരുതെന്നും പ്രശ്നം പരിഹരിക്കാമെന്നും മന്ത്രിമാർ ഉറപ്പ് നൽകിയിട്ടുണ്ട്. അതിനിടെ ഇന്നലെ ഐ.എ.എസുകാരുടെ സമരത്തിന് നേതൃത്വം നൽകിയ ചീഫ് സെക്രട്ടറി വിജയാനന്ദനെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് അഡ്വ. പയച്ചിറ നവാസ് വിജിലൻസ് കോടതിയിൽ ഹർജി നൽകി. ഈ ഹർജിയിൽ 19നകം നിലപാട് അറിയിക്കണമെന്ന് വിജിലൻസിന് നിർദേശം നൽകി.

അതിനിടെ പ്രശ്നം അടിയന്തരമായി പരിഹരിക്കണമെന്ന് സി. പി.എം സംസ്ഥാന നേതൃത്വം മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. ഐ.എ.എസ് ഉദ്യോഗസ്ഥരുടെ നിസഹരണത്തെ സെക്രട്ടേറിയറ്റ് ജീവനക്കാരെ ഉപയോഗിച്ച് നേരിടാനുള്ള തന്ത്രവും സി.പി.എം പ്രയോഗിച്ചുതുടങ്ങി. സി. പി.എം അനുകൂല സംഘടനയായ സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ ഇന്ന് പുറത്തിറക്കിയ നോട്ടീസിൽ ഐ.എ.എസുകാരെ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്.

## റോഡ് നിർമ്മാണത്തിനിടെ തുരങ്കം കണ്ടെത്തി



റോഡ് നിർമ്മാണത്തിനിടെ കണ്ടെത്തിയ തുരങ്കം

ആലക്കോട്: റോഡ് നിർമ്മിക്കുന്നതിനിടെ ഗുഹക്ക് സമാനമായ കൂറ്റൻ മട പ്രത്യക്ഷപ്പെട്ടു. പൈതൽ മലയടിവാരത്തെ കുട്ടിപ്പുല്ലിലാണ് തുരങ്കം കണ്ടെത്തിയത്. കരാമരംതട്ടിൽ നിന്ന് കുട്ടിപ്പുല്ലിലേക്ക് നാട്ടുകാർ ചേർന്നാണ് ഒരു കിലോ മീറ്ററോളം നീളത്തിൽ പുതിയതായി മൺറോഡ് നിർമ്മിച്ചത്. ജെ.സി.ബി ഉപയോഗിച്ച് റോഡ് വെട്ടുന്നതിനിടെയാണ് കഴിഞ്ഞ ദിവസം തുരങ്കം പ്രത്യക്ഷപ്പെട്ടത്. അഞ്ച് മീറ്ററിലധികം ഉള്ളിലേക്ക് തുരങ്കം കാണപ്പെടുന്നുണ്ട്. മണ്ണ് വീണുകിടക്കുന്നതിനാൽ ബാക്കിയുള്ള ഭാഗം ദൃശ്യമല്ല. തുരങ്കം കാണപ്പെട്ടതിനെ തുടർന്ന് ഈ ഭാഗം ഒഴിവാക്കിയാണ് നാട്ടുകാർ പിന്നീട് റോഡ് പണി പൂർത്തീകരിച്ചത്. നിരവധി ചരിത്ര അവശിഷ്ടങ്ങൾ നിറഞ്ഞ ഭാഗമാണ് പൈതൽമലയും ഇതിന്റെ അടിവാര പ്രദേശങ്ങളായ കുട്ടിപ്പുല്ലും കരാമരംതട്ടും ഉൾപ്പെടെയുള്ള പ്രദേശങ്ങൾ. പല പുരാതന ഗുഹകളുടെയും അവശിഷ്ടങ്ങൾ ഇപ്പോഴും പൈതൽമലയിലുണ്ട്. റോഡിൽ പ്രത്യക്ഷപ്പെട്ട തുരങ്കം കാണുന്നതിന് നിരവധി സഞ്ചാരികൾ ഇവിടെയെത്തുന്നുണ്ട്.

## ഓട്ടോയിൽ ബസിടിച്ച് ദമ്പതികൾക്ക് ഗുരുതരം

ശ്രീകണ്ഠപുരം: ചെമ്പേരിയിൽ നിന്നും ശ്രീകണ്ഠപുരത്തേക്ക് പോവുകയായിരുന്ന കെ.എൽ 13 എക്സ് 3194 നമ്പർ അലീന ബസ് എതിരെ വന്ന ഓട്ടോയിൽ ഇടിച്ച് ദമ്പതികൾക്ക് ഗുരുതരം. റബർ പാലെടുത്ത് കെ.എൽ 13 ഡി 2235 ഓട്ടോയിൽ മടങ്ങുകയായിരുന്ന പൊടിക്കളത്തെ കെ.കെ.ബാലകൃഷ്ണൻ (65), ഭാര്യ വസന്ത (60) എന്നിവർക്കാണ് ഇന്ന് രാവിലെ 11.20 ഓടെ പൊടിക്കളം ബസ്സ്റ്റോപ്പിന് സമീപമുണ്ടായ അപകടത്തിൽ പരിക്കേറ്റത്. ഗുരുതരമായി പരിക്കേറ്റ ഇവരെ ഇന്ദിരാഗാന്ധി ആശുപത്രിയിൽ പ്രഥമ ശുശ്രൂഷ നൽകി പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു.

## കമലിനെതിരെയുള്ള പരാമർശം; എ.എൻ. രാധാകൃഷ്ണന്റെ ബോർഡുകൾ വ്യാപകമായി നശിപ്പിച്ചു

കണ്ണൂർ: ചലച്ചിത്രകാരൻ കമൽ പാക്കിസ്ഥാനിലേക്ക് പോകണമെന്ന് പറഞ്ഞ ബി.ജെ.പി ജനറൽ സെക്രട്ടറി എ.എൻ. രാധാകൃഷ്ണന്റെ ചിത്രമുള്ള ഫ്ളക്സ് ബോർഡുകൾ ജില്ലയിൽ വ്യാപകമായി നശിപ്പിച്ചു. ബി.ജെ.പിയുടെ ഉത്തരമേഖല പ്രചരണ ജാഥ നയിക്കുന്നത് എ.എൻ. രാധാകൃഷ്ണനാണ്. ഇതിന്റെ പ്രചരണാർത്ഥം സ്ഥാപിച്ച ബോർഡുകളിൽ നിന്നാണ് രാധാകൃഷ്ണന്റെ ചിത്രങ്ങൾ മുറിച്ചുമാറ്റിയത്.

## പരപ്പ ക്വാറിക്ക് അനുമതി; ജനകീയ സമിതിയുടെ പരാതിയും കേൾക്കണമെന്ന് ഹൈക്കോടതി

ആലക്കോട്: പരപ്പ കരിങ്കൽ ക്വാറിക്ക് പാരിസ്ഥിതിക അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ക്വാറിക്കെതിരെ സമരരംഗത്തുള്ള നെടുവോട് - പരപ്പ ജനകീയ സമിതിയുടെ പരാതിയും കേൾക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. തങ്ങളുടെ പരാതി പരിഗണിക്കാതെ ക്വാറിക്ക് പാരിസ്ഥിതിക അനുമതി നൽകാൻ നീക്കം നടക്കുന്നതായി ചൂണ്ടിക്കാട്ടി ജനകീയ സമിതി ജോ. കൺവീനർ ജോയി ചാവനാലിൽ അഡ്വ. ഹരീഷ് വാസുദേവൻ മുഖാന്തിരം നൽകിയ ഹർജിയിലാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവ്. കലക്ടർ ചെയർമാനായുള്ള ജില്ലാ പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയോടാണ് ജനകീയ സമിതിയുടെ പരാതിയും കേൾക്കണമെന്ന് ഹൈക്കോടതി നിർദേശിച്ചത്. മാസങ്ങളായി അടഞ്ഞുകിടക്കുന്ന പരപ്പ ക്വാറി പാരിസ്ഥിതിക അനുമതി ലഭ്യമാക്കി വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നീക്കം നടന്നുവരികയാണ്. ഇതിനെതിരെ ജനകീയ സമിതിയും സമരങ്ങളുമായി രംഗത്തുണ്ട്.



കവർച്ചക്കാരിയിൽ നിന്ന് പോലീസ് പിടിച്ചെടുത്ത ആഭരണങ്ങൾ

## രണ്ടുവീടുകളിലെ വൻ കവർച്ച; ബീഹാറുകാരിയായ വേലക്കാരി അറസ്റ്റിൽ



വളപട്ടണം: വളപട്ടണം പോലീസ് സ്റ്റേഷൻ പരിധിയിലെ പുഴാതി പയറ്റ്യാക്കാവിന് സമീപം രണ്ടുവീടുകളിൽ നിന്നായി 37 പവന്റെ സ്വർണ്ണാഭരണങ്ങൾ കവർന്ന കേസിൽ ബീഹാറുകാരിയായ വേലക്കാരിയെ അറസ്റ്റ് ചെയ്തു. വളപട്ടണത്ത് വാടകക്ക് താമസിക്കുന്ന ശബ്നം (28) ആണ് പിടിയിലായത്. ആറുവർഷമായി വളപട്ടണത്ത് താമസിച്ചുവരികയാണ്. ഭർത്താവ് ബ്ലാക്ക്ബോർഡ് കമ്പനിയിൽ ജീവനക്കാരനാണ്. ശബ്നം വീടുകളിൽ തൂപ്പുജോലിക്ക് പോകാറുണ്ട്.

പുഴാതി അൽമാസിലെ റുബീനയുടെ വീട്ടിലും അഡ്വ. ലേഖയുടെ വീട്ടിലുമാണ് കവർച്ച നടന്നത്. ഈ രണ്ടുവീടുകളിലും ആഴ്ചയിൽ രണ്ടുദിവസം വീട് വൃത്തിയാക്കാൻ ശബ്നം പോകാറുണ്ടായിരുന്നു. വീടിനെക്കുറിച്ച് കൃത്യമായ വിവരങ്ങൾ മനസിലാക്കിയായിരുന്നു കവർച്ച നടത്തിയത്. റുബീനയുടെ വീട്ടിൽ നിന്ന് 25 പവനും ലേഖയുടെ വീട്ടിൽ നിന്ന് 12 പവനുമാണ് കവർന്നത്. വളപട്ടണം സി.ഐ രത്നകുമാർ, എസ്.ഐ ശ്രീജിത്ത് കൊടേരി എന്നിവരുടെ നേതൃത്വത്തിലാണ് കേസ് അന്വേഷിച്ചത്.

## മറ്റന്നാൾ ഗൾഫിലേക്ക് പോകേണ്ട യുവാവ് ഹൃദയസ്തംഭനം മൂലം മരിച്ചു



തളിപ്പറമ്പ: അവധി കഴിഞ്ഞ് മറ്റന്നാൾ വിദേശത്തേക്ക് പോകേണ്ടിയിരുന്ന യുവാവ് ഹൃദയസ്തംഭനം മൂലം മരണമടഞ്ഞു. കൂനത്തെ മേപ്പാട് മുനീർ (40)ആണ് ഇന്ന് രാവിലെ മരണമടഞ്ഞത്. രാവിലെ നെഞ്ചുവേദന അനുഭവപ്പെട്ട മുനീറിനെ തളിപ്പറമ്പിലെ ആശുപത്രിയിലെത്തിക്കുമ്പോഴേക്കും മരണമടഞ്ഞിരുന്നു. ഹംസ- ഫാത്തിമ ദമ്പതികളുടെ മകനാണ്. കുറുമാത്തൂരിലെ ആസ്മയാണ് ഭാര്യ. മക്കൾ: ഹസീബ, ഫസ്ന, മഹ്സിന. സഹോദരങ്ങൾ: മൊയ്തീൻ, നസീമ.

## പിലാത്തറ സൂപ്പർമാർക്കറ്റിൽ കവർച്ചാശ്രമം

പിലാത്തറ: സൂപ്പർ മാർക്കറ്റ് കുത്തിതുറന്ന് കവർച്ചാശ്രമം. പിലാത്തറ പ്രാഥമിക കാർഷിക ബാങ്കിന് സമീപത്തെ ലിബർട്ടി സൂപ്പർമാർക്കറ്റിലാണ് കവർച്ചാശ്രമം നടന്നത്. ഇന്നലെ രാത്രി ഷട്ടറിന്റെ പൂട്ട് പൊളിച്ച് അകത്തുകയറിയെങ്കിലും പണമോ കാര്യമായ സാധനങ്ങളോ നഷ്ടപ്പെട്ടിട്ടില്ല. അടുത്ത സ്ഥാപനത്തിലെ സി.സി ടി.വിയിൽ മോഷ്ടാവിന്റെ ദൃശ്യം പതിഞ്ഞിട്ടുണ്ട്. മെലിഞ്ഞ ഒരാളാണ് ഷട്ടർ കുത്തിതുറന്നത്. എന്നാൽ ഇയാളുടെ ദൃശ്യം വ്യക്തമല്ല. പരിയാരം പോലീസ് കേസെടുത്തു.

## മേലെ ചൊവ്വയിലും ആയുധങ്ങൾ പിടികൂടി; കത്തികളൊക്കെ കോയമ്പത്തൂരിൽ നിർമ്മിച്ചവ

കണ്ണൂർ: മേലെ ചൊവ്വയിൽ നിന്ന് ഇന്നലെ രാത്രി പോലീസ് ആയുധങ്ങൾ പിടികൂടി. അമ്മുപ്പറമ്പിലെ ആളൊഴിഞ്ഞ പറമ്പിൽ നിന്നാണ് രാത്രി ഒമ്പത് മണിയോടെ എടക്കാട് പോലീസ് ആയുധങ്ങൾ പിടിച്ചെടുത്തത്. 15 കത്തി, 10 വെട്ടുകത്തി, 12 പിച്ചാത്തി എന്നിവയാണ് പിടിച്ചെടുത്തത്. ഇന്നലെ തന്നെ ചക്കരക്കൽ പോലീസ് സ്റ്റേഷൻ പരിധിയിലെ മുണ്ടേരിമൊട്ടയിൽ നിന്ന് 36 മൂർച്ചേറിയ കത്തികളും പാപ്പിനിശേരി കടവ് റോഡ് കവലയിൽ നിന്ന് 28 കത്തികളും പിടിച്ചെടുത്തിരുന്നു. അതിന് മുന്നേ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 100 ഓളം ആയുധങ്ങളും പിടികൂടിയിരുന്നു.

പിടികൂടിയ കത്തികളെല്ലാം തന്നെ സമാനരീതിയിലുള്ളതാണ്. എല്ലാ കത്തികളും നീല പിടിയോടുകൂടിയതാണ്. കോയമ്പത്തൂരിലെ മേട്ടുപ്പാളയത്തിൽ നിർമ്മിച്ചതാണ് ഇവയെന്നാണ് സൂചന. വിൽപ്പനക്കായി നിർമ്മിച്ച ഈ കത്തികൾ മൊത്തമായി ചിലർ വാങ്ങുകയായിരുന്നുവെന്നാണ് സൂചന. തുടർന്ന് ഇവ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്തുവെന്നാണ് കരുതുന്നത്. അതിനാൽ ആസൂത്രിതമായ അക്രമം ലക്ഷ്യമിട്ടാണ് കത്തികൾ ശേഖരിച്ചതെന്ന് സംശയിക്കുന്നു. ഇതേ തുടർന്ന് പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

## പാലക്കയംതട്ടിൽ സന്ദർശനത്തിന് എത്തിയ സൈനികനെയും കുടുംബത്തെയും അവഹേളിച്ചു

കുടിയാൻമല: പാലക്കയംതട്ടിൽ സന്ദർശനത്തിന് എത്തിയ സൈനികനെയും കുടുംബത്തെയും ഒരു സംഘം ഭീഷണിപ്പെടുത്തുകയും അവഹേളിക്കുകയും ചെയ്തതായി പരാതി. ചന്ദനക്കാംപാറയിലെ വരമ്പകത്ത് സജി തോമസാണ് കുടിയാൻമല പോലീസിൽ പരാതി നൽകിയത്. ഇന്ത്യൻ ആർമിയിൽ സൈനികനായ സജി കാശ്മീരിലാണ് ജോലി ചെയ്യുന്നത്. അവധിക്ക് നാട്ടിൽ എത്തിയ അദേഹം ഭാര്യക്കും ഒമ്പത് മാസം പ്രായമായ കുഞ്ഞിനും അമ്മക്കും സഹോദരങ്ങൾക്കും ഒപ്പം ഇന്നലെ ഉച്ചയോടെ കെ.എൽ 13 ആർ 271 സ്കോർപ്പിയോ വാഹനത്തിൽ പാലക്കയംതട്ടിൽ എത്തിയതായിരുന്നു. വാഹനത്തിൽ ആകെ ഒമ്പതുപേരാണ് ഉണ്ടായിരുന്നത്. പാലക്കയംതട്ടിന്റെ മുകളിലേക്ക് വാഹനം കയറ്ററുതെന്നും വാഹനം താഴെവച്ച് തങ്ങളുടെ വാഹനത്തിൽ പോകണമെന്നും ഒരു സംഘം ടാക്സി ഡ്രൈവർമാർ പറഞ്ഞുവത്രെ. എന്നാൽ സജി അത് പരിഗണിക്കാതെ സ്വന്തം വാഹനത്തിൽ മുകളിലേക്ക് പോയി. സന്ധ്യയോടെ തിരിച്ചുവരുമ്പോൾ ഒരുസംഘം വാഹനം തടഞ്ഞ് വാതിൽ തുറന്ന് തന്റെ ഷർട്ടിന്റെ കോളറിൽ കയറിപ്പിടിക്കുകയും വാഹനത്തിലുണ്ടായവരെ ചീത്ത വിളിക്കുകയും ചെയ്തുവെന്നാണ് പരാതി.

അതിനൂതനമായ പരീക്ഷാപരിശീലനവുമായി
PSC കോച്ചിങ്ങ് തളിപ്പറമ്പിൽ
41 മോഡൽ പരീക്ഷയും PSC ഈവനിംഗ് പരിശീലന ക്ലാസ്സും
(സമയം: 5.30 മുതൽ 7.30 വരെ)
തളിപ്പറമ്പ സീലാന്റ് കോംപ്ലക്സിൽ
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
PACE കരിയർ ഗൈഡൻസ്
8907048653
9400407221

ബാഗുകൾക്ക്

BAG CENTRE
KUTTUKKAN COMPLEX N.H. TALIPARAMBA